ചെയ്തതുമൂലം വന്ന സർപ്ലസ് അഡ്ജസ്റ്റു ചെയ്യാൻ സ്ഥലംമാറ്റം നടത്തേണ്ടതായി വരും.

(ബി) ഏപ്രിൽ-മേയ് മാസങ്ങളിൽ മേൽ സൂചിപ്പിച്ച സ്ഥലംമാറ്റം നടത്തണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഇതു പരിഗണിക്കുന്നതാണ്.

(ഡി) മൂന്നുകൊല്ലം തുടർച്ചയായി ഒരേ സ്ഥലത്തു സർവീസുള്ളവരെയാണ് മാറ്റാൻ ഉദ്ദേശിക്കുന്നത്.

അച്ചടിക്കേണ്ട പാഠപുസ്തകങ്ങളുടെ എണ്ണം

492. [691] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത വർഷം വിവിധ സ്റ്റാൻഡേർഡുകളിലേക്ക് മൊത്തം എത്ര പുസ്തകങ്ങളാണ് അച്ചടിക്കേണ്ടതായി വരും ?

ഉത്തരം

226. ഇനം പുസ്തകങ്ങളിലായി ഏകദേശം മൂന്നുകോടി പുസ്തകങ്ങളാണ് അച്ചടിക്കേണ്ടതായി വരും.

1985-86 സ്ക്കൂൾ വർഷത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണത്തിലുള്ള കാലതാമസം

493. [693] ശ്രീമതി ഭാർഗവി തങ്കപ്പൻ :

ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സ്ക്കൂൾ വർഷത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്ക്കൂൾ വർഷാവസാന സമയത്തും എത്തിച്ചേർന്നിട്ടില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒമ്പതാം സ്റ്റാൻഡാർഡിലെ തമിഴ് മീഡിയം കണക്ക് പുസ്തകം എന്നാണ് അച്ചടിച്ച് പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) 1986-87 സ്ക്കൂൾ വർഷത്തിൽ പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് സ്ക്കൂളുകളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി) 1985 നവംബർ മാസത്തിൽ വിതരണം ചെയ്തിരുന്നു.

(സി) 1986-87 വർഷത്തിൽ പുതുക്കിയിട്ടുള്ള രണ്ട്, ഏഴ്, പത്ത് എന്നീ ക്ലാസുകളിലെ പുതുക്കിയ പുസ്തകങ്ങളൊഴികെ എല്ലാ പുസ്തകങ്ങളും ഏപ്രിൽ മുതൽ സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ പൂർത്തിയായിക്കഴിഞ്ഞു. മാറ്റമുള്ള പുസ്തകങ്ങളുടെ അച്ചടിജോലി ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly